LIBRARY ARCHIVES Kerala Legislative Assembly

സംസ്കരിച്ച് നീരയും കേര ചക്കരയും ഉൽപ്പാദനം സംബന്ധിച്ച ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് നീലേശ്വരം കേന്ദ്രമാക്കി 2013-14-ൽ ആരംഭിച്ചുകൊണ്ട് 2014-15-ൽ നടപ്പിലാക്കിയിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിൽ ഉൽപ്പാദിപ്പിക്കുന്ന നീര കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മുഖേന വിതരണം നടത്തുന്നു. പദ്ധതിക്കായി 45ലക്ഷം രൂപ 2013-14-ലും 85 ലക്ഷം രൂപ 2014-15-ലും കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. നീര വിപണനത്തിനായി 180 ലക്ഷം രൂപ നാളികേര വികസന കോർപ്പറേഷന് 2014-15-ൽ നൽകിയിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

കർഷകർക്കുള്ള നഷ്ടപരിഹാരം

136 (2769) ശ്രീ. രാജു എബ്രഹാം :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്കുള്ള നഷ്ടപരിഹാരത്തുകയിൽ വെട്ടിക്കുറവ് വരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത നടപടികൾ കൃഷിക്കാരുടെ ആത്മവിശ്വാസം കെടുത്തുന്നതാണെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഷയം ഉന്നയിച്ച് കർഷകർ പ്രക്ഷോഭത്തിലാണെന്നകാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് 11-6-2012-ലെ സ.ഉ.(എംഎസ്.)നമ്പർ 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന നിരക്കിലാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകിവന്നിരുന്നത്. അതതു കാലത്ത് കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് SDRF-ൽ നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012- മുതൽ പ്രാബല്യത്തിൽ

പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ.(എംഎസ്.)നമ്പർ 343/2012/ഡിഎംഡി ഉത്തരവിന്റെ പരിധിയിൽ നിന്ന് സ.ഉ.(എംഎസ്.) നമ്പർ 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് അതിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്രസർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013-മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ.(എംഎസ്.)നമ്പർ 470/2013/ഡിഎംഡി ഉത്തരവിലും ഇതേ രീതിയിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്ക് ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് നിലവിൽ ലഭിക്കുന്ന ധനസഹായത്തുകയ കൃഷിക്കാർക്ക് ആശ്വാസപ്രദമല്ലെന്നും മുൻ വർഷങ്ങളിൽ നൽകിയിരുന്ന ധനസഹായം പുനഃസ്ഥാപിക്കണമെന്ന ആവശ്യം കർഷകർ ഉന്നയിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

ഹോർട്ടികോർപ്പിലെ ദിവസവേതനക്കാർ

137 (2770) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോർട്ടികോർപ്പിൽ ദിവസവേതനക്കാരായി എത്ര പേർ ജോലി ചെയ്യുന്നുണ്ട്; ഇതിൽ പ്രായപരിധി കഴിഞ്ഞവരും സർവ്വീസ് കൂടുതലുള്ളതുമായ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ദീർഘനാളത്തെ സർവ്വീസ് ഉണ്ടായിരുന്നിട്ടും ഇത്തരം ജീവനക്കാർക്ക് ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ദിവസവേതനക്കാരായ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) സ്ഥിരം ജീവനക്കാരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ മാനേജ്മെന്റും യൂണിയൻ പ്രതിനിധികളും തമ്മിലുണ്ടാക്കിയിട്ടുള്ള ധാരണ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഹോർട്ടികോർപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly